**SET – 4**

**Series : SGN/C**

**Code No. 12**

**റോൾ നമ്പർ**
**Roll No.**

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സിന്റെ ആദ്യ പുറത്തിൽ കോഡ് എഴുതിയിരിക്കണം.
Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **4** പുറങ്ങളുമുണ്ടെന്ന് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതു ഭാഗത്തു കൊടുത്ത കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **4** ചോദ്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിനുമുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **4** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* — *ആകെ മാർക്ക് : **100***
*Time allowed : **3** hours* — *Maximum Marks : **100***

1. (a) ഉപമാലങ്കാരത്തിന്റെ ലക്ഷണമെഴുതി സമന്വയിപ്പിച്ച് ലുപ്തോപമ മാലോപമ എന്നിവ ഉദാഹരണ സഹിതം വിവരിക്കുക.

**അല്ലെങ്കിൽ**

ഉത്പ്രേക്ഷാലങ്കാരം വിവരിച്ച് ധർമ്മി, ധർമ്മം എന്നീ വിഭാഗങ്ങളുടെ പ്രത്യേകതകൾ വിവരിച്ച് ഉദാഹരിക്കുക. **8**



collegedunia
India's largest Student Review Platform

(b) രശനോപമ സാവയവോപമ എന്നിവ ഉദാഹരണ സഹിതം വിശദീകരിക്കുക.

**അല്ലെങ്കിൽ**

ഹേതൂത്പ്രേക്ഷ, ഫലോത്പ്രേക്ഷ എന്നിവ ലക്ഷണമെഴുതി സമന്വയിപ്പിക്കുക. 7

2. (a) ജൈവ കൃഷി രീതി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്ന വിഷയ-ത്തെക്കുറിച്ച് ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക.

**അല്ലെങ്കിൽ**

'ജലസ്രോതസ്സുകളുടെ സംരക്ഷണം – നാടിന്റെ ആവശ്യം' എന്ന വിഷയത്തെ-ക്കുറിച്ചു നടന്ന ചർച്ചയുടെ പത്രറിപ്പോർട്ട് തയ്യാറാക്കുക. 7

(b) കേരളത്തിൽ മെട്രോ റയിൽ യാഥാർത്ഥ്യമാക്കിയ ഭരണ നേതൃത്വത്തെ അനുമോദിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേയ്ക്കൊരു കത്ത് തയ്യാറാക്കുക.

**അല്ലെങ്കിൽ**

കേരളത്തിൽ വൃദ്ധ സദനങ്ങൾ പെരുകുന്നു എന്ന വിഷയത്തിൽ നിങ്ങൾക്കുള്ള ആശങ്ക സൂചിപ്പിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേയ്ക്കൊരു കത്തു തയ്യാറാക്കുക. 8

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

വ്യാവസായിക ലോകത്തെ സാഹിത്യ ശില്പമായ ചെറുകഥയുടെ സൃഷ്ടിയെക്കുറിച്ചു പ്രചരിച്ചുപോരുന്ന പ്രബലമായ ഒരഭിപ്രായമുണ്ട് : എല്ലാ തരത്തിലും സമൂഹത്തിന്റെ പൊതു തലത്തിൽനിന്ന് ഒറ്റപ്പെട്ടു കഴിയുന്ന മനുഷ്യരുടെ ഏകാന്തമായ ശബ്ദമാണ് ചെറുകഥയിൽ കേൾക്കുന്നത്. തിരക്കേറിയ ജീവിതത്തിൽ വ്യഗ്രതയോടെ ഉഴലുന്ന മനുഷ്യന്റെ സാഹിത്യാസ്വാദന തല്പരതയെ സംതൃപ്തമാക്കുക എന്നതാണ് ഈ സാഹിത്യ രൂപത്തിന്റെ ജന്മോദ്ദേശ്യം. സമുദായത്തോടു പൊരുത്തപ്പെടാൻ കഴിയാത്ത ഏകാകികളായ മനുഷ്യരുടെ ജീവിതത്തിലെ ചില ഹ്രസ്വ നിമിഷങ്ങൾ; ഉപരിപ്ലവമായ ആ നിമിഷങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ ഇങ്ങനെ ഓടിച്ചു വായിക്കാൻ പാകത്തിലുള്ള കഥകൾ രൂപപ്പെടുത്തുവാൻ കഴിയും. പ്രമേയപരമായ ഒരു സ്വയംപൂർണ്ണ ചെറുകഥകൾക്കുണ്ട്. ആദി മദ്ധ്യാന്തപൊരുത്തമുള്ള ഒരു കഥയാവണം; എഴുത്തുകാരൻ ജീവിതത്തിന്റെ ഏതു നിമിഷത്തിലാണോ മനസ്സൂന്നിയിരിക്കുന്നത് ആ നിമിഷത്തെ അടിവേരുകളോടെ പിഴുതെടുക്കാൻ കഥാകൃത്തിനു കഴിയണം. തന്നിൽ ശക്തമായ ചലനങ്ങളുണ്ടാക്കിയ ജീവിത ഭാവങ്ങളെ അയാൾ ശ്രദ്ധിക്കണം. ഒറ്റപ്പെട്ട ജീവിത മുഹൂർത്തങ്ങളെ സമ്പൂർണ്ണമായി തന്റെ ചെറിയ ക്യാൻവാസിൽ വിദഗ്ധമായി ആവിഷ്കരിക്കുന്ന കലയാണ് ചെറുകഥയിൽ നാം കാണുന്നത്.

**ചോദ്യങ്ങൾ :**

(1) ചെറുകഥാസൃഷ്ടിയെക്കുറിച്ച് നിലവിലിരിക്കുന്ന പ്രബലമായ അഭിപ്രായമെന്ത്? 2



collegedunia.com India's largest Student Review Platform

(2) ചെറുകഥാ രചനയുടെ ഉദ്ദേശ്യമെന്ത്? **2**

(3) ഓടിച്ചു വായിക്കാൻ പാകത്തിലുള്ള ചെറുകഥകൾ സൃഷ്ടിക്കുവാൻ എന്തിനെയാണ് വിഷയമാക്കാവുന്നത്? **2**

(4) ഒരു ചെറുകഥാകൃത്തിനുണ്ടായിരിക്കേണ്ട കഴിവുകളെന്തെല്ലാം ? **2**

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നല്കുക. **2**

3. (a) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **6 × 5 = 30**

(i) കുട്ടികളുടെ ഭാവനാത്മകമായ ജീവിതമാണ് – 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിൽ ആവിഷ്കരിച്ചിട്ടുള്ളത്. വിശദമാക്കുക.

(ii) ഉല്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന മനുഷ്യാവസ്ഥയാണ് ആവകാശങ്ങളുടെ പ്രശ്നം എന്ന കഥ. സമർത്ഥിക്കുക.

(iii) ആഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലെ അടിച്ചുതളിക്കാരി എന്ന കഥാപാത്രം ഒരു പ്രതീകമാണ് എന്നു തെളിയിക്കുക.

(iv) 'മനുഷ്യർ നിർമ്മിച്ച പലതരം അതിർവരമ്പുകളെ കല മായ്ച്ചു കളയുന്നു' ഹൈദരലിയുടെ ജീവിതം ഈ പരാമർശത്തെ സാധൂകരിക്കുന്നുണ്ടോ ? വിശദമാക്കുക.

(v) 'ഗൗളിജന്മ'ത്തിൽ ഗ്രേസി അവതരിപ്പിക്കുന്ന സാമൂഹിക വിമർശനമെന്ത്?

(vi) ബദരിയിലെത്തിയ ലേഖകനു കാണാൻ കഴിഞ്ഞ സുന്ദര ദൃശ്യങ്ങളെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.

(vii) ഇന്റർനെറ്റ് നിലവിൽവന്നപ്പോൾ അതിനുണ്ടായിരുന്ന പ്രധാന ന്യൂനതയെന്ത് ? അതിനെ മറികടക്കാൻ സാധിച്ചതെങ്ങനെ ?

(viii) മാപ്പിളപ്പാട്ടിലെ വിഭാഗങ്ങളേതെല്ലാം ? വിവരിക്കുക.

(b) ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : **4 × 5 = 20**

(i) സന്ദർഭവും ആശയവും വിശദമാക്കുക :

മരമൊക്കെയരിഞ്ഞവരെന്നുടെ
കുലമൊക്കെ മുടിച്ചവരവരുടെ
കുടൽമാലകൾ കൊണ്ടു ജഗത്തിൽ
നിറമാലകൾ തൂക്കും ഞാൻ.



collegedunia.com India's largest Student Review Platform

(ii) “കടുകിന്മണി മാത്രമുള്ളൊരു പരദോഷ-
മുടനെ കാണുന്നു നീ, നിന്നുടെ ദോഷം പിന്നെ
കണ്ടാലും ഗജമാത്രം, കാണുന്നീലേതു, മതു
പണ്ഡിതന്മാർക്കു പോലുമുള്ളൊരു ശീലമത്രേ”
– സന്ദർഭവും ആശയവും വിശദമാക്കുക.

(iii) നാടകീയതയും നർമ്മവും ചാലിച്ചു ചേർത്ത കവിതയാണ് അയ്യപ്പപ്പണിക്കരുടേത് – മോഷണം എന്ന കവിതയെ ആസ്പദമാക്കി ഈ അഭിപ്രായം വിലയിരുത്തുക.

(iv) ഉണ്ണായിവാര്യരുടെ ഭാഷാശൈലിയുടെ പ്രത്യേകതകൾ ‘കേശിനീമൊഴി’ എന്ന പാഠ ഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

(v) ‘നളനില്ലൊരപരാധം പോൽ, ഉറണ്ടന്നാകിലും
കുലനാരിക്കരുത് കോപം പോൽ’
– വരികളുടെ ആശയം വിശദീകരിച്ച് ഇതിലൂടെ ആവിഷ്കൃതമാകുന്ന മൂല്യം വിലയിരുത്തുക.

(vi) “വിണ്ണിൽ നിന്നശരീരി തന്നുടെ വാക്യംകേട്ടു” എന്തായിരുന്നു ആ അശരീരി വാക്യം ? ആ വാക്യം കഥാസന്ദർഭത്തിൽ വരുത്തിയ മാറ്റം എന്ത്?

4. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിനു ഉത്തരമെഴുതുക.

**1 × 10 = 10**

(i) ഗൃഹാതുരത്വത്തിന്റെ നീറുന്ന തീക്കനലുകളാണ് ‘അമ്മയ്ക്ക്’ എന്ന കൃതിയെ ഹൃദയസ്പർശിയാക്കുന്നത് – ഉപന്യസിക്കുക.

(ii) കുമരനല്ലൂരിലെ കുളങ്ങളെക്കുറിച്ചും ഭാരതപ്പുഴയെക്കുറിച്ചും എം. ടി. പങ്കുവയ്ക്കുന്ന ഓർമ്മകളെന്തെല്ലാം ? ആ ഓർമ്മകൾ ഇന്ന് അദ്ദേഹത്തെ വേദനിപ്പിക്കാൻ കാരണമെന്ത്? ഉപന്യസിക്കുക.



collegedunia.com India's largest Student Review Platform